പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുവാൻ നടപടി

60 [1957] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന മാവേലി സ്റ്റോറുകളുടെ എണ്ണം എത്രയായിരുന്നു ;

(സി) പുതുതായി ആരംഭിച്ച മാവേലി സ്റ്റോറുകളുടെ വിശദാംശങ്ങൾ പറയാമോ ;

(ഡി) പുതുതായി അനുവദിക്കുകയും എന്നാൽ ആരംഭിക്കുന്നതിൽ കാലതാമസം വരുന്നതുമായ എത്ര മാവേലി സ്റ്റോറുകളും ലാഭം മാർക്കറ്റുകളുമുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ ;

(ഇ) ഗ്രാമപഞ്ചായത്തുകൾ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 6389848 റേഷൻ കാർഡുകൾ കമ്പ്യൂട്ടർ സഹായത്തോടെ പുതുക്കി നൽകി. വീടു നമ്പരില്ലാത്ത 2380 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി. അന്ത്യോദയ അന്നയോജന പദ്ധതിയിൽ 114400 കുടുംബങ്ങളെക്കൂടി അധികമായി ചേർത്ത് രണ്ടാംഘട്ട വിപുലീകരണം നടത്തി. റേഷൻ കടകളിൽ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും അന്ത്യോദയ അന്നയോജന, അന്നപൂർണ്ണ ഉപഭോക്താക്കളുടെ ലിസ്റ്റ് റേഷൻ കടകളിൽ പ്രദർശിപ്പിക്കണമെന്ന നിർദേശവും കർശനമായി നടപ്പാക്കി. എഫ്.സി.ഐ.യുമായി തുടർച്ചയായി ബന്ധം പുലർത്തിയും നിരന്തരം ജാഗ്രത പാലിച്ചും എല്ലാ ഡിപ്പോകളിലും എറ്റവ്യാഴ്ചയും ആവശ്യാനുസരണമുള്ള ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം എന്നിവ ഉറപ്പാക്കി. അരിയുടെ ഗുണനിലവാരം ഉറപ്പാക്കി ബി.പി.എൽ. അരിയുടെ വിതരണം 100 ശതമാനമാക്കാൻ കഴിഞ്ഞു. സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ എന്നീ വിപണനകേന്ദ്രങ്ങളിലൂടെ സർക്കാർ നിശ്ചയിച്ച വിലയിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. കൂടാതെ 1494 റേഷൻ വ്യാപാര സ്ഥാപനങ്ങളെ സപ്ലൈകോ ശബരി സ്റ്റോഴ്സ് ആയി തിരഞ്ഞെടുത്ത് ഈ സ്റ്റോറുകൾവഴി മാവേലി സാധനങ്ങൾ, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ മറ്റ് എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ എന്നിവ ന്യായ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും ആരംഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 822 മാവേലിസ്റ്റോറുകൾ നിലവിലുണ്ടായിരുന്നു.

(സി) പുതുതായി 121 മാവേലിസ്റ്റോറുകൾ കൂടി ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

ജില്ല	എണ്ണം
തിരുവനന്തപുരം	13
കൊല്ലം	9
എറണാകുളം	10
ആലപ്പുഴ	9
മലപ്പുറം	14
പാലക്കാട്	11
തൃശ്ശൂർ	4
കണ്ണൂർ	10
കോഴിക്കോട്	10
വയനാട്	4
കാസർഗോഡ്	1
കോട്ടയം	12
പത്തനംതിട്ട	9
ഇടുക്കി	13
ആകെ	121

(ഡി) പുതുതായി അനുവദിക്കുകയും എന്നാൽ പ്രവർത്തനം തുടങ്ങുവാൻ കാലതാമസം വരുന്നതുമായ മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് താഴെ കൊടുക്കുന്നു.

നമ്പർ	*ജില്ല*	*മാവേലി സ്റ്റോർ*	*ലാഭം മാർക്കറ്റ്*
1	തിരുവനന്തപുരം	..	5
2	കൊല്ലം	1	6
3	ആലപ്പുഴ	..	1
4	കോഴിക്കോട്	1	4
5	കണ്ണൂർ	..	2
6	വയനാട്	..	1
7	കാസർഗോഡ്	..	2
8	കോട്ടയം	..	3
9	ഇടുക്കി	..	1
10	പാലക്കാട്	3	2
11	മലപ്പുറം	1	..
	ആകെ	6	27

(ഇ) മാവേലി സ്റ്റോറുകൾ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly